പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6759 — 04.04.2018-ൽ മറുപടിക്ക്

പട്ടാമ്പി മണ്ഡലത്തിൽ റിവർ മാനേജ് മെന്റ് ഫണ്ട് ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടാമ്പി മണ്ഡലത്തിൽ റിവർ മാനേജ് മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) തൃത്താല പഞ്ചായത്തിലെ ഘട്ടം മൂന്ന പട്ടാമ്പി പാലത്തിന്റെ മേലേതടത്തിലെ ഞങ്ങാട്ടിരിക്കടത്തു ഭാരതപ്പുഴയുടെ ഇടത്തെ തീരത്തുള്ള സംരക്ഷണ ഭിത്തി നിർമ്മാണത്തിന് 11.70 ലക്ഷത്തിന്റെ പദ്ധതിയും, തൃത്താല പഞ്ചായത്തിലെ പട്ടാമ്പി പാലത്തിന്റെ താഴെ ത്തടത്തിൽ ഞങ്ങാട്ടിരിക്കടത്തു ഭാരതപ്പുഴയുടെ ഇടത്തെ തീരത്തുള്ള സംരക്ഷണ ഭിത്തി നിർമാണത്തിന് 10.55 ലക്ഷത്തിന്റെ പദ്ധതിയും 3.11.2017-ലെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ അംഗീകരിക്കുകയും, തുടർ നടപടി നടന്നു വരുകയും ചെയ്യുന്നു |
| (ബി) പട്ടാമ്പി മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കാവുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിന്റെ മാനദണ്ഡങ്ങൾ എപ്രകാരമാണെന്നും വിശദമാക്കാമോ? | (ബി) നദികളെ സജീവമായി നിലനിർത്തി അവയെ സംരക്ഷിക്കുന്നതിനും നദീതീരങ്ങളെ ബലപ്പെടുത്തുന്നതിനുമായി കോൺക്രീറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പരമാവധി ഒഴിവാക്കി പ്രസ്തുത പ്രദേശത്തു പരിസ്ഥിതിയ്ക്കു അനുയോജ്യമായ മരങ്ങൾ, ചെടികൾ, മുളകൾ എന്നിവ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതും, കയർ ഭൂവസ്ത്രം ഉപയോഗിച്ച് നദീതീരങ്ങളുടെ സംരക്ഷണം യാഥാർത്ഥ്യമാക്കാവുന്നതും, നദീതീരത്തിന്റെ അതിർത്തി സർവ്വേ ചെയ്തു പുറമ്പോക്ക് ഭൂമിയും, സ്വകാര്യ ഭൂമിയും വേർതിരിച്ചു അടിയന്തിരമായി അതിർത്തി കല്ലുകൾ സ്ഥാപിച്ചു Ground Control Point ആയി നിർണയിച്ചു ഭാവിയിൽ ഉണ്ടാക്കാവുന്ന നദീ തീരങ്ങളുടെ കൈയേറ്റങ്ങൾ തടയാവുന്നതാണ്.<br><br>ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ പ്രൊപ്പോസലുകൾ ജില്ലാ വിദഗ്ധ സമിതി അംഗീകരിച്ചു സംസ്ഥാന ഉന്നതതല സമിതിക്കു സമർപ്പിക്കുകയും സമിതിയിലെ അംഗങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**